## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - *ഗ്രാമയാത്ര* നടത്തിപ്പ് - നോഡൽ എജൻസിയായ 'കില'യിൽ നിന്നും തുക വിതരണം ചെയ്യുന്നതും - *ഗ്രാമയാത്ര*യുമായി ബന്ധപ്പെട്ട പരാതി സെൽ രൂപീകരിക്കുന്നതും സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ)നം.969/12/തസ്വഭവ തിരുവനന്തപുരം, തീയതി.30.03.2012

---

പരാമർശം:- (1) 12.01.12-ലെ സ.ഉ(സാധാ)നം.135/12/തസ്വഭവ

(2) 06.02.12-ലെ സ.ഉ(സാധാ)നം.369/12/തസ്വഭവ

(3)23.03.12-ൽ ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി വിളിച്ചു ചേർത്ത ഗ്രാമയാത്രയുടെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാനം.

### <u>ഉത്തരവ്</u>

ഗ്രാമയാത്രയുടെ ഭാഗമായി കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിലെയും ഒരു ഗ്രാമപഞ്ചായത്തിൽ ഒന്നു വീതം വിശേഷാൽ ഗ്രാമസഭ കൂടുന്നതിനും ഇതിന്റെ സംഘാടനത്തിനും നടത്തിപ്പിനുമായി സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റി, ജില്ലാതല സമിതികൾ, മണ്ഡല സമിതി എന്നിവ പരാമർശം (1)-ലെ സർക്കാർ ഉത്തരവു പ്രകാരം രൂപീകരിച്ചിരുന്നു. ഗ്രാമയാത്രയുടെയും അതിന്റെ ഭാഗമായി നടക്കുന്ന പ്രസ്തുത ഗ്രാമസഭകളുടെയും നടത്തിപ്പിന് ആവശ്യമായി വരുന്ന തുക കെ.എൽ.ജി.എസ്.ഡി.പി-യുടെ 2515-00-800-13 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും കണ്ടെത്തുവാനും ഗ്രാമയാത്ര നടത്തിപ്പിനുള്ള നോഡൽ എജൻസിയായി കിലയെ ചുമതലപ്പെടുത്തിക്കൊണ്ടും സൂചന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഗ്രാമയാത്ര നടത്തിപ്പ് വിലയിരുത്തുന്നതിനായി കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ സൂചന(3) പ്രകാരമുള്ള യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പ്പറയുന്ന ഉത്തരവുകൾ പുറപ്പെട്ടുവിക്കുന്നു.

1. ഗ്രാമയാത്ര നടത്തുന്നതിനായി ഓരോ പഞ്ചാത്തിനും ആവശ്യമായി വരുന്ന തുക 'കില' യിൽ നിന്നും നേരിട്ട് നൽകാവുന്നതാണ്.
2. ഗ്രാമയാത്രയിൽ ലഭിക്കുന്നതായ പരാതികൾക്ക് തീരുമാനമെടുക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഒരു പരാതി സെൽ രൂപീകരിക്കേണ്ടതാണ്.
3. 134 പഞ്ചായത്തുകളിലാണ് ഗ്രാമയാത്രനടത്താൻ ഉദ്ദേശിക്കുന്നത്. ഗ്രാമയാത്ര നടത്തിപ്പിന് അനുവദിച്ചിട്ടുള്ള 140 ലക്ഷം രൂപയിൽ (ഒരു പഞ്ചായത്തിന് 1 ലക്ഷം രൂപ വീതം) ശേഷിക്കുന്ന 6 ലക്ഷം രൂപയിൽ നിന്നും ഗ്രാമയാത്രയുടെ സംസ്ഥാനതല ഉദ്ഘാടനത്തിനായി പഞ്ചായത്ത് ദിനാഘോഷ ഫണ്ടിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ പിൻവലിച്ച് നൽകിയ 422685/- രൂപ തിരികെ പഞ്ചായത്ത് ഡയറക്ടർക്ക് കില നൽകേണ്ടതാണ്.

**ഗവണറുടെ ഉത്തരവിൻ പ്രകാരം**
**ജെയിംസ് വർഗ്ഗീസ്**
**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ ഡി.ഡി.പിമാർക്കും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും നൽകുന്നതിനായി)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(മുനിസിപ്പൽ/നഗരസഭചെയർമാൻ/മേയർ/സെക്രട്ടറിമാർക്കും നൽകുന്നതിനായി)

contd....2

സി.ആർ.ഡി(എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുന്നതിനായി)
ഡയറക്ടർ, കില, തൃശ്ശൂർ
പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി
ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ഐ.കെ.എം, തിരുവനന്തപുരം
ഡയറക്ടർ സി-ഡിറ്റ്, തിരുവനന്തപുരം
ശ്രീ.ജോസഫ് ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത്
അക്കൗണ്ടന്റ് ജനറൽ (എ & ഇ)/പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)

പകർപ്പ്;-

തദ്ദേശസ്വയംഭരണവകുപ്പ് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രിയുടെ പി.എസ്-ന്
ഗ്രാമവികസനവും ആസൂത്രണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
വ്യവസായം ഐറ്റി & നഗരകാര്യം വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറി
ഒ.സി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ